കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) സംസ്ഥാനത്തൊട്ടാകെ ഏതാണ്ട് 300 ഹെക്ടറോളം പ്രദേശത്ത് വാനില കൃഷി ഉള്ളതായാണ് കണക്ക്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) വാനില കൃഷി വികസിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം 2003-04 വർഷത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗുണമേന്മയുള്ള നല്ലയിനം വാനില തൈകളുടെ ഉൽപ്പാദനത്തിനായി 2002-03 വർഷം 15 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. അതു പ്രകാരം പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലെ സർക്കാർ ഫാമുകളിൽ വാനില തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള വാനില തൈകൾ 25% സബ്സിഡി നിരക്കിൽ കർഷകർക്കു വിതരണം ചെയ്യുന്നു.

കഴക്കൂട്ടത്തെ മോഡൽ ഫ്ളോറികൾച്ചർ ലാബിൽ വാനിലയുടെ ടിഷ്യൂകൾച്ചർ തൈകൾ ഉല്പാദിപ്പിച്ചു വിതരണം ചെയ്യാനും നടപടി എടുത്തുവരുന്നു.

വനഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ

*16 [76] ശ്രീ. ടി. കെ. ബാലൻ :

,, എ. കെ. ബാലൻ :

,, കെ. കെ. ജയചന്ദ്രൻ :

,, പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം തുടർച്ചയായി കേസുകൾ പരാജയപ്പെടുന്നതായ പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വനഭൂമിയുമായി ബന്ധപ്പെട്ട കേസുകളിൽ സർക്കാർ പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏറ്റെടുത്ത എത്ര ഏക്കർ വനഭൂമി ഇതിനകം സ്വകാര്യ വ്യക്തികൾക്ക് തിരിച്ചു നൽകേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പരാജയപ്പെട്ട ഏതെല്ലാം കേസുകളിൽ സർക്കാർ അപ്പീൽ പോയിട്ടുണ്ടെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വനം ഭേദഗതി ഓർഡിനൻസിലൂടെ മുൻ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത വനഭൂമിയിൽ എത്ര ഏക്കർ വനഭൂമി കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിട്ടുകൊടുക്കേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ഏറ്റെടുത്ത വനഭൂമി കയ്യേറ്റക്കാർക്ക് വിട്ടുകൊടുക്കണമെന്ന കോടതിവിധിക്കെതിരെ റിവിഷൻ ഹർജി ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളിലാണ് ഹർജി ഫയൽ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) തുടർച്ചയായി കേസുകളിൽ പരാജയപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല.

(ബി) 1971-ലെ സ്വകാര്യവനം (നിക്ഷിപ്തമാക്കലും കൈമാറ്റവും) നിയമപ്രകാരം സ്വകാര്യവ്യക്തികളിൽ നിന്നും ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കിയ ഭൂമിയിൽ നിന്നും 4855.39 ഹെക്ടർ ഭൂമി ട്രൈബ്യൂണൽ/വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിട്ടുകൊടുത്തിട്ടുണ്ട്. സർക്കാർ അപ്പീൽ സമർപ്പിച്ച കേസുകളുടെ എണ്ണം ശേഖരിച്ചുവരുന്നു.

(സി) വനം ഓർഡിനൻസിലൂടെ സർക്കാർ ഏറ്റെടുത്ത വനഭൂമി വിട്ടുകൊടുത്തിട്ടില്ല

(ഡി) സർക്കാർ ഏറ്റെടുത്ത വനഭൂമി കൈയേറ്റക്കാർക്ക് വിട്ടുകൊടുക്കണമെന്ന കോടതി വിധി ഉണ്ടായിട്ടുള്ളതായി അറിവില്ല. എന്നാൽ മുൻ ഉടമസ്ഥർക്ക് ഭൂമി വിട്ടുകൊടുക്കണമെന്ന് ചില കേസുകളിൽ വിധികൾ വരികയും പ്രസ്തുത വിധികൾക്കെതിരെ റിവിഷൻ ഹർജി ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 142 റിവിഷൻ പെറ്റിഷനുകൾ ഇപ്പോൾ കോടതിയുടെ പരിഗണനയിലുണ്ട്.

സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നടത്തുന്ന ചില്ലറ വില്പനശാലകൾ

*17 [77] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ :
,, അടൂർ പ്രകാശ് :
,, എം. മുരളി :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ അന്തർ സംസ്ഥാനാതിർത്തിയോടടുത്ത് എവിടെയെല്ലാം ചില്ലറ വില്പനശാലകൾ തുറന്നിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly